# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.254 | 09/03/2015 ൽ മറുപടിക്ക് |
|---|---|

**വിജിലൻസ് ലോകായുക്തയ്ക്ക് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ലോകായുക്ത ആവശ്യപ്പെട്ടതനുസരിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയിട്ടുള്ള പരാതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ; | (എ) യും (ബി) യും | ഈ സർക്കാരിന്റെ കാലത്ത് ലോകായുക്ത ആവശ്യപ്പെട്ടതനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 7 പരാതിയിൽ അന്വേഷണം നടത്താൻ ഉത്തരവായി. പരാതികളുടെയും, റിപ്പോർട്ട് സമർപ്പിച്ചതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അവയിൽ ഏതെല്ലാം പരാതികളിന്മേൽ വിജിലൻസ് ലോകായുക്തയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് ; | | |
| (സി) | വിജിലൻസ് അന്വേഷണത്തിൽ പ്രഥമ ദൃഷ്ട്യാ ആരോപണം ശരിയാണെന്ന് തെളിഞ്ഞ കേസുകൾ ഏതെല്ലാം ; അത്തരം കേസുകളിലെല്ലാം ലോകായുക്തയുടെ റിപ്പോർട്ട് നല്കുന്നതോടോപ്പം വിജിലൻസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കേസുകളിൽ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ? | (സി) | പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യത്തക്ക ആരോപണങ്ങൾ ഒന്നും അന്വേഷണത്തിൽ തെളിഞ്ഞിട്ടില്ലാത്തതിനാൽ വകുപ്പുതല നടപടികൾ ആണ് ശുപാർശ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ആഫീസർ

# അനുബന്ധം

1. ശ്രീ.കെ.സുബൈർഖാനെ കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയി നിയമിച്ചതും, വെയർഹൗസിംഗ് കോർപ്പറേഷനിലെ അഴിമതിയും മറ്റും സംബന്ധിച്ച് ശ്രീ.കെ.പി.മോഹനൻ (ബഹു. കൃഷി വകുപ്പ് മന്ത്രി ) ഉൾപ്പെടെയുള്ളവർക്ക് എതിരായി ശ്രീ.എൻ.വിശ്വംഭരൻ സമർപ്പിച്ച പരാതിയിൽ ലോകായുക്ത ഉത്തരവനുസരിച്ച് സത്വരാന്വേഷണം നടത്തി (ക്യൂ.വി.01/2013/എസ്.സി.റ്റി.) റിപ്പോർട്ട് ബഹു.ലോകായുക്ത മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

2. ആലപ്പുഴ ആംഡ് റിസേർവ്ഡ് ക്യാമ്പിലെ പോലീസുകാർ പെട്രോൾ പമ്പിൽ നിന്നും പെട്രോൾ അടിക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഒരു സത്വരാന്വേഷണം നടത്തി (ക്യൂ.വി.15/2014/എ.എൽ.പി) റിപ്പോർട്ട് ലോകായുക്തയ്ക്ക് നൽകി. പ്രസ്തുത അന്വേഷണത്തിൽ, ഒരു പോലീസ് ഉദ്യോസ്ഥനെതിരെ സി.ബി.സി.ഐ.ഡി.യിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

3.കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന ബ്രഹ്മപുരത്ത് നടത്തിയ മാലിന്യ സംസ്കരണ പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് കോർപ്പറേഷനിലെ വിവിധ ഉദ്യോഗസ്ഥർ, എറണാകുളം ജില്ലാ കളക്ടർ എന്നിവർക്കും മറ്റുമെതിരെ അഡ്വക്കേറ്റ് ശ്രീ.എം.എൽ.ജോർജ്ജ് നൽകിയ പരാതിയിൽ ഒരു വിജിലൻസ് അന്വേഷണം (വി.ഇ.09/2014/എസ്.സി.ഇ) നിലവിലുണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

4. അദ്ധ്യാപകരെയും സ്റ്റാഫുകളെയും നിയമാനുസൃതമല്ലാതെ നിയമിച്ചത് സംബന്ധിച്ച് ശ്രീ.അബ്ദുൽ ഷുക്കൂറിനെതിരെ (സെക്രട്ടറി, ഇക്ബാൽ കോളേജ് ട്രസ്റ്റ്), ശ്രീ.വഹാബ്.റ്റി.എ. ഫയൽ ചെയ്ത പരാതിയിൽ ഒരു സത്വരാന്വേഷണം (ക്യൂ.വി. 17/2014/എസ്.ഐ.യു I) നടന്നു വരുന്നു. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

5. ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് ഡോക്ടർ എസ്.സുധീഷ് കുമാറിനെതിരെ (വെറ്ററിനറി സർജൻ, എരുമപ്പെട്ടി, തൃശ്ശൂർ) ശ്രീ.അബ്ദുൾ കബീർ.പി.യു. നൽകിയ പരാതിയിൽ ഒരു സത്വരാന്വേഷണം (ക്യൂ.വി.85/2014/റ്റി.എസ്.ആർ) പൂർത്തിയാക്കി. റിപ്പോർട്ട് സൂക്ഷ്മപരിശോധനയിൽ ആണ്

6. പാലക്കാട് മുൻസിപ്പൽ കൗൺസിൽ പത്തു വർഷമായി ടെൻഡർ വിളിക്കാതെ M/s. ഷാ അഡ്വർടൈസേഴ്സിന് അനധികൃതമായി നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ.രംഗോരത്ത് ഗോകുൽ പ്രസാദ് നൽകിയ പരാതിയിൽ ഒരു സത്വരാന്വേഷണം (ക്യൂ.വി.07/ 2013/ പി.കെ.ഡി) നടത്തി വകുപ്പുതല നടപടി ശുപാർശ ചെയ്ത് റിപ്പോർട്ട് ബഹുമാനപ്പെട്ട ലോകായുക്തയ്ക്ക് സമർപ്പിച്ചിട്ടുണ്ട്

7. ശ്രീ.വി.പി.പണിക്കർ, വിദ്യാധിരാജാ ഹോമിയോപതി മെഡിക്കൽ കോളേജിൽ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ലോകായുക്ത മുമ്പാകെ നൽകിയ പരാതിയിൽ ഒരു സത്വരാന്വേഷണം (ക്യൂ.വി.12/2013/എസ്.ഐ.യു II) നടന്നു വരുന്നു. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

സെക്ഷൻ ആഫീസർ